

# 'കനവി'ന്റെ ആരോഗ്യ ദർശനം

ആർ. ഗോപാൽ

മനുഷ്യനെ നിർമ്മിക്കുന്ന ശില്പകലയാണ് വിദ്യാഭ്യാസം എന്നു പറയുകയാണെങ്കിൽ നമ്മുടെ സമ്പ്രദായിക സ്കൂളിൽ നടക്കുന്നത് വിദ്യാഭ്യാസമേയല്ല എന്നു പറയേണ്ടി വരും. പക്ഷേ അവിടെ നടക്കുന്ന അഭ്യാസത്തിനാണ് നമ്മൾ വിദ്യാഭ്യാസം എന്നപേര് പതിച്ചു നൽകിയിരിക്കുന്നത്. അതുകൊണ്ടാവാം ഇത്തരം സ്കൂളുകൾക്കുപുറത്ത് മനുഷ്യനെ നിർമ്മിക്കുന്ന ശില്പകലയിൽ വിദഗ്ദരായ ഒറ്റപ്പെട്ട ചിലരെയെങ്കിലും നടത്തുന്ന ശ്രമങ്ങളെ ബദൽ വിദ്യാഭ്യാസം എന്ന പേരിട്ടുവിളിക്കുന്നത്. ഇതിൽ ഏറ്റവും ശ്രദ്ധേയമായത് ഒരു പക്ഷേ വയനാട്ടിലെ കനവു തന്നെയാണ്.

ആദിവാസിയിൽ നിന്നും മനുഷ്യനിലേക്കുള്ള ദൂരം ഐക്യു കൊണ്ട് അളന്ന ഇന്ന് വർദ്ധിപ്പിച്ചവരാണ് നമ്മുടെ സമ്പ്രദായിക വിദ്യാഭ്യാസത്തിന്റെ വക്താക്കൾ. അവരുടെ അളവ് എത്രമാത്രം പിഴച്ചതാണ് എന്ന് സ്വന്തം പരിശ്രമങ്ങളിലൂടെ ലോകത്തിനും കാണിച്ചു കൊടുത്തയാളാണ് ശ്രീ കെ. ജെ ബേബി അദ്ദേഹത്തിന്റെ വിദ്യാഭ്യാസ വീക്ഷണത്തിന്റെ ആരോഗ്യത്തിനു നിദർശനമാണ് 'കനവ്'

കനവിലെ ആദിവാസിക്കുട്ടികൾക്ക് അവരുടെ സ്വന്തം ഭാഷയും സംഗീതവും അറിവുകളും ഒട്ടു മോശമല്ല എന്ന അറിവുണ്ട്. അവ മോശമില്ലാതെ അവർക്കറിയുകയും ചെയ്യാം. ഏത് പരിഷ്കൃത ലോകത്തിനു മുമ്പിലും നെഞ്ചുവിരിച്ച് സ്വന്തം ഭാഷയും പാട്ടും അറിവും അവർ അവതരിപ്പിക്കും. അതിനുള്ള വിദ്യാഭ്യാസമാണ് അവർക്ക് കിട്ടുന്നത്. അത്രയുമല്ല മലയാളവും ഇംഗ്ലീഷും ഹിന്ദിയും ആശയവിനിമയത്തിന് ഫലപ്രദമായി പ്രയോഗിക്കുവാനും അവർ പഠിക്കുന്നുണ്ട്. എന്നാൽ കനവിലെ ഏറ്റവും വലിയ ഭാഷ സ്നേഹമാണ്. അതിരുകളില്ലാത്ത പിശുക്കില്ലാത്ത സ്നേഹം. മനുഷ്യരോടുമാത്രമല്ല ഈ പ്രകൃതിയോടും അതിലെ സകല ജീവജാലങ്ങളോടുമുള്ള പ്രാപഞ്ചികമായ സ്നേഹം. ആ സ്നേഹത്തിലൂടെ അവർ ജീവിക്കുന്നു. ജീവിച്ചു കൊണ്ടു പഠിക്കുന്നു. പഠിച്ചു കൊണ്ട് ജീവിക്കുന്നു. പഠനവും ജീവിതവും രണ്ടല്ലാത്ത ഒരു വിദ്യാഭ്യാസ രീതിയുടെ സുന്ദരസ്വപനത്തിന്റെ സാക്ഷാത്കാരമാകുന്നു 'കനവ്'

അടിച്ചുവാരലും തേച്ചുതുടക്കലും അരിയും കറിയും വെക്കലും തുണിയലക്കലും പശുവിനെ തീറ്റലും കൊത്തുകിളയും വിതയും കൊയ്ത്തും പുരകെട്ടലും പായനെയ്ത്തും എല്ലാമെല്ലാം അവരുടെ സിലബസു തന്നെ. ഒപ്പമുള്ളവരെ ചവിട്ടിത്തൊഴിച്ച് പിന്തള്ളിയാലെ ഒന്നാമനാകൂ എന്ന ഇന്നത്തെ മത്സര വിദ്യാഭ്യാസത്തിന്റെ ക്രൂരതകൾ കനവിലെ കുട്ടികൾക്ക് അജ്ഞാതമാണ്. ഒരുമിച്ച് പഠിക്കുക, ഒരുമിച്ച് പാടുക, ഒരുമിച്ച് അദ്ധ്വാനിക്കുക, ഒരുമിച്ച് സന്തോഷിക്കുക എന്നതാകുന്നു കനവിലെ കുട്ടികളുടെ ആരോഗ്യം.

ആണിന്റെ പണി, പെണ്ണിന്റെ പണി എന്ന തരംതിരിവില്ല. അദ്ധ്വാനത്തോടൊപ്പം ആടാനും പാടാനും അവർക്ക് സമയവുമുണ്ട്. ശ്രദ്ധയുമുണ്ട്. അടുക്കളയിലും വയലിലും കളിയിലും പാട്ടിലും അവരിൽ രണ്ടു പേരായി ബേബിമാഷും ഷേർളി ടീച്ചറുമുണ്ട്. മോഹനിയാട്ടവും ഭരതനാട്യവും ഹിന്ദുസ്ഥാനിയും കർണ്ണാട്ടിയും കളരിപ്പയറ്റും ആദിവാസിക്കു വഴങ്ങും മാഷെ എന്ന കനവ് ലോകത്തോടു പറയുന്നു.

പഠിച്ച് പി. എച്ച്. ഡി. എടുത്ത പതിനെട്ടു ഭാഷയറിയുന്ന പട്ടണവാസിയെ കച്ചവടലോകത്തിന് എളുപ്പം പറ്റിക്കാം. അല്ലെങ്കിൽ പറ്റിക്കപ്പെടാനും പറ്റിക്കാനും അയാൾ താൻ നേടിയ വിദ്യാഭ്യാസത്തിലൂടെ പാകപ്പെട്ടിരിക്കുന്നു. പക്ഷേ കനവിൽ വളർന്ന കുട്ടിയെ അത്രയെളുപ്പം പറ്റിക്കാനാവില്ല. അവനാരെയും പറ്റിക്കാനുമാവില്ല. കാരണം ജീവകാരുണ്യത്തിന്റെ മതവും മനുഷ്യ സ്നേഹത്തിന്റെ ഭാഷയും നെഞ്ചിലൂന്നുന്ന ജീവിതാനുഭവമാകുന്നു കനവ്, അതത്രെ കനവിന്റെ ആരോഗ്യ ദർശനം.

---

'കനവ്', ചീങ്ങോട്, നടവയൽ, വയനാട്
രാജഗോപാൽ, ഗോവിന്ദാലയം, പള്ളിപ്പുറം, പട്ടാമ്പി


## സ്നേഹ നൈസർഗ്ഗിക ചികിത്സാ കേന്ദ്രം

**തൃപ്രയാർ, തൃശൂർ ജില്ല. ഫോൺ : 0487 - 2392406**

തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിനു കിഴക്കെ നടയിൽ സ്നേഹ സ്ഥിതി ചെയ്യുന്നു. പ്രകൃതി രമണീയമായ ഗ്രാമാന്തരീക്ഷം ഭാരിച്ച പണച്ചിലവോ, പാർശ്വഫലങ്ങളോ ഇല്ലാത്ത ചികിത്സാ രീതി രോഗമേതായാലും മരുന്നു വേണ്ട മിതമായ വ്യായാമം, വിശ്രമം, ആഹാരം സ്നേഹപൂർണ്ണമായ പരിചരണം ഇവയിലൂടെ ഏതുരോഗത്തിനും ശാന്തി ഒരിക്കൽ സന്ദർശിക്കുക എന്നന്നേക്കുമായി രോഗമുക്തിനേടുക ഏതുരോഗത്തിനും പ്രകൃതി ചികിത്സ ഫലപ്രദം

*ഡോ. ബൈജുശങ്കർ*
*ചീഫ് ഫിസിഷ്യൻ*

*എൻ. എച്ച്. ബഷീർ*
*ഡയറക്ടർ*